## കോഴിക്കോട് സിറ്റിയിൽ 16.3 ലക്ഷം രൂപയുടെ മയക്കമരുന്നുമായി ഒരാൾ അറസ്റ്റിൽ

******

കസബ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഇൻഡോർ സ്റ്റേഡിയത്തിനടുത്ത് ക്രിസ്റ്റൽ രൂപത്തിൽ സൂക്ഷിച്ചിരുന്ന 163 ഗ്രാം എൽ.എസ്.ഡി. (ലൈസർജിക് ആസിഡ് ഡൈ ഈഥൈൽ അമൈഡ്) യുമായി ഒരു മെക്കാനിക്കൽ എഞ്ചിനിയർ അറസ്റ്റിലായി. കോഴിക്കോട് സിറ്റി സൗത്ത് എ.സി.പി. ശ്രീ. അബ്ദുൽ റസാഖിൻെറ നേതൃത്വത്തിൽ കസബ ഇൻസ്പെക്ടർ ശ്രീ. പി പ്രമോദ്, എസ്.ഐ മാരായ സിജിത്ത്, രാംജിത്ത്, കെ.പി. സൈതലവി ക്രൈം സ്ക്വാഡ് അംഗങ്ങളായ കെ.കെ. രമേഷ് ബാബു, കെ.ടി. രാമചന്ദ്രൻ, മഹേഷ്, ഷാഫി, അബ്ദുറഹ്മാൻ എന്നിവർ അടങ്ങിയ സംഘമാണ് അറസ്റ്റ് ചെയ്തത്.

**കോഴിക്കോട് സിറ്റി പോലീസ്**